# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 356** **29.06.2016- ൽ മറുപടിക്ക്**

**ഉദുമ ടെക്സ്റ്റയിൽ മിൽ**

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ | ഉത്തരം<br>ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായി ഉദുമ ടെക്സ്റ്റയിൽ മിൽ എന്ന സ്ഥാപനം കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സ്ഥാപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സ്ഥാപനത്തിന്റെ ഉത്ഘാടനം നിർവ്വഹിച്ചത് എന്നാണെന്ന് വിശദമാക്കാമോ; | (ബി) ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം 2011 ജനവരി28-ന് ആണ് നിർവ്വഹിക്കപ്പെട്ടത്. |
| (സി) ഈ സ്ഥാപനത്തിൽ ഇതുവരെയായി വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ഒരു അവസ്ഥക്ക് കാരണം എന്താണെന്ന് വിശദമാക്കാമോ; | (സി) ഉണ്ട്. സ്ഥാപനത്തിൽ ഇതുവരെയായി വാണിജ്യാടിസ്ഥാനത്തിൽ ഉദ്പാദനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ താഴെപ്പറയുന്ന വയാണ്.<br>1. പദ്ധതിക്ക് ആവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിന് സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ നിയമനങ്ങൾക്ക് തടസ്സമായി.<br>2. 16 കോടി രൂപയുടെ അടങ്കൽ തുക പ്രതീക്ഷിച്ചു കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതിക്ക് കോസ്റ്റ് ഓവർ റൺ ഉണ്ടായി. |

3. 2015-ൽ ആണ് പുതുക്കിയ അടങ്കൽ തുകക്ക് (21.09 കോടി രൂപ)ഭരണാനുമതി നൽകിയത്.
4. അഞ്ചു വർഷത്തിലധികമായി ഉദുമ പ്രോജക്ടിന്റെ പ്രവർത്തനം താമസിച്ചതു കൊണ്ട് അടങ്കൽ തുക വീണ്ടും വർദ്ധിച്ച് 30.28 കോടി രൂപ ആയിരി ക്കുകയാണ്.

(ഡി) ഈ സ്ഥാപനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിച്ച് സ്ഥാപനം തുറന്ന് വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്ക ണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ ഈ സർക്കാറിന് തന്നിട്ടുള്ള നിവേദന ത്തിൽ എന്തെങ്കിലും നടപടി എടുത്തി ട്ടുണ്ടോ; വിശദമാക്കാമോ?

(ഡി) നിവേദനം ലഭിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പേറഷന്റെ ചീഫ് എക്സിക്യൂട്ടീവ് തലത്തിലുള്ള ഉദ്യോഗസ്ഥരുടെ യോഗം വ്യവസായവകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്നു. ആവശ്യമായ തുടർനടപടികൾ സ്വീകരി ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**